# The Kerala Finance (No. 2) Act, 2021

Act No. 9 of 2021

**Keywords:**

DISCLAIMER: This document is being furnished to you for your information by PRS Legislative Research (PRS). The contents of this document have been obtained from sources PRS believes to be reliable. These contents have not been independently verified, and PRS makes no representation or warranty as to the accuracy, completeness or correctness. In some cases the Principal Act and/or Amendment Act may not be available. Principal Acts may or may not include subsequent amendments. For authoritative text, please contact the relevant state department concerned or refer to the latest government publication or the gazette notification. Any person using this material should take their own professional and legal advice before acting on any information contained in this document. PRS or any persons connected with it do not accept any liability arising from the use of this document. PRS or any persons connected with it shall not be in any way responsible for any loss, damage, or distress to any person on account of any action taken or not taken on the basis of this document.

©
**കേരള സർക്കാർ**
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 10** Vol. X | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2021 സെപ്റ്റംബർ 03** 03rd September 2021 **1197 ചിങ്ങം 18** 18th Chingam 1197 **1943 ഭാദ്രം 12** 12th Bhadra 1943 | **നമ്പർ** No. | **2601** |

**കേരള സർക്കാർ**

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

വിജ്ഞാപനം

നമ്പർ 1414(2)/ലെഗ്. എ2/2021/നിയമം.

*തിരുവനന്തപുരം, 2021 സെപ്റ്റംബർ 2*
*1197 ചിങ്ങം 17*
*1943 ഭാദ്രം 11.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 സെപ്റ്റംബർ 2-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 9-ാം ആക്റ്റ്

## 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ്

2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റും (1994-ലെ 20) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ആക്റ്റിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13),—

(1) 2-ാം വകുപ്പിൽ, (xviii)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xviiiഎ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റു വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉല്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകല്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്.";

(2) 203-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ, (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(viഎ) 2-ാം വകുപ്പ് (xviii എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം.".

3. 1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20),—

(1) 2-ാം വകുപ്പിൽ, (18)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(18എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റു വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉല്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുലർത്തുന്നതും, രൂപകൽപന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകല്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്.";

(2) 233-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(viഎ) 2-ാം വകുപ്പിൽ (18എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം".

4. സാധൂകരണം.—(1) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281-ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽത്തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നുവെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്റ്റുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-A) Department**

## NOTIFICATION

No. 1414(2)/Leg.A2/2021/Law. *Dated, Thiruvananthapuram, 2nd September, 2021*
*17th Chingam, 1197*
*11th Bhadra, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Kerala Finance (No. 2) Act, 2021 (9 of 2021).

By order of the Governor,

V. Hari Nair,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ്" published under the authority of the Governor.]

ACT 9 OF 2021

# THE KERALA FINANCE (No. 2) ACT, 2021

*An Act to give effect to certain financial proposals of the Government of Kerala for the Financial Year 2021–2022.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 ( 13 of 1994) and the Kerala Municipality Act, 1994 (20 of 1994) to give effect to certain financial proposals of the Government of Kerala for the Financial Year 2021-2022;

BE it enacted in the Seventy-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Finance (No. 2) Act, 2021.

(2) It shall be deemed to have come into force on the 10th day of June, 2021.

2. *Amendment of Act 13 of 1994.*—In the Kerala Panchayat Raj Act, 1994 (13 of 1994),—

(1) in section 2, after clause (xviii) the following clause shall be inserted, namely:—

"(xviiia) 'green building' means a building which is efficient in use of energy, water and other resources, promotes the use of renewable energy, reduces pollution, reduces waste generation, promotes waste segregation, reuse and recycle, optimizes energy efficiency, conserves natural resources, provides healthier spaces for occupants, provides good environmental quality, is considerate to the environment and quality of life of the occupants in respect of design, construction, operation, renovation and life cycle, promotes the use of non-toxic, ethical and sustainable materials adapts to a changing environment, built on a sustainable site, and designed or built to be climate resilient:

Provided that the Government may from time to time declare such other ecofriendly buildings as green buildings.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

*Explanation*:—A building of any occupancy may come under the definition of a green building.";

(2) in section 203, in sub-section (7) after clause (vi) the following clause shall be inserted, namely:—

"(via) green buildings as specified in clause (xviiia) of section 2"

3. *Amendment of Act 20 of 1994.*—In the Kerala Municipality Act, 1994 (20 of 1994),—

(1) in section 2, after clause (18) the following clause shall be inserted, namely:—

"(18a) 'green building' means a building which is efficient in use of energy, water and other resources, promotes the use of renewable energy, reduces pollution, reduces waste generation, encourages waste segregation, reuse and recycle, optimizes energy efficiency, conserves natural resources, provides healthier spaces for occupants, provides good environmental quality, is considerate to the environment and quality of life of the occupants in respect of design, construction, operation, renovation and life cycle, promotes the use of non-toxic, ethical and sustainable materials adapts to a changing environment, built on a sustainable site, and designed or built to be climate resilient:

Provided that the Government may from time to time declare such other ecofriendly buildings as green buildings.

*Explanation*:—A building of any occupancy may come under the definition of a green building.";

(2) in section 233, in sub-section (7), after clause (vi) the following clause shall be inserted, namely:—

"(via) green buildings as specified in clause (18a) of section 2."

4. *Validation.*—(1) Notwithstanding the lapse of the Kerala Finance (No. 2) Bill, 2021 (Bill No. 281 of the Fourteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of the said Bill, anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2021 to the 9th day of June, 2021, by virtue of the declared provisions contained in the said Bill, under the Kerala Panchayat Raj Act, 1994 (13 of 1994) or under

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

the Kerala Municipality Act, 1994 (20 of 1994) as they stand amended by the said Bill, shall be deemed to be and to have always been, for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st day of April, 2021 to the 9th day of June, 2021 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of said provisions of the said Bill, shall be deemed to have been validly done or taken under the respective Acts.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/